**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ഓഫീസ്,**
**പാലക്കാട്**

ചുരുക്ക പട്ടിക നമ്പർ : 3/2013/DOP    പാലക്കാട്

കാറ്റഗറി നമ്പർ : 242/2008    15.04.2013.

**<u>വിജ്ഞാപനം</u>**

28.06.2008 തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം പാലക്കാട് ജില്ലയിൽ ആരോഗ്യ വകുപ്പിൽ `**3350-5275**(PR) ശമ്പള നിരക്കിൽ ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ്.**2** – (കാറ്റഗറി നമ്പർ:**242/2008**) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി, പ്രീഡിഗ്രി/ എച്ച്.എസ്സ്.ഇ /വി.എച്ച്.എസ്സ്.ഇ പരീക്ഷയിൽ സയൻസ് വിഷയങ്ങൾക്ക് ലഭിച്ച മാർക്കിന്റെ ശതമാന അടിസ്ഥാനത്തിൽ അഭിമുഖത്തിന് ക്ഷണിക്കപ്പെടുവാൻ സോപാധികമായി അർഹരാണെന്നു കണ്ടെത്തിയ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ ചുരുക്കപ്പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളുടെ സംഖ്യാക്രമത്തിൽ മാത്രമാണ് ഈ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത ലിസ്റ്റിലെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

രജിസ്റ്റർ നമ്പറുകൾക്ക് മുമ്പിലായി പാലക്കാട് ജില്ലയെ സുചിപ്പിക്കുന്ന **'പി' (P)** എന്ന അക്ഷരം ചേർത്ത് വായിക്കേണ്ടതാണ്.

**<u>ലിസ്റ്റ് I</u>**

ഇല്ല

**<u>ലിസ്റ്റ് II</u>**

| | | | | |
|---|---|---|---|---|
| 223 | 256 | 322 | 332 | 343 |
| 351 | 380 | 411 | 621 | 638 |
| 719 | 737 | 758 | 780 | 844 |

<u>കുറിപ്പ്</u>:

1) അപേക്ഷകളുടെ സൂക്ഷ്മപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ തികച്ചും സോപാധികമായിട്ടാണ് ഈ പട്ടികയിൽ രജിസ്ററർ നമ്പറുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവാദവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

2) ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷയിൽ എഴുതാത്ത യാതൊരു അവകാശവും തുടർന്ന് സ്വീകരിക്കുന്നതല്ല.

3) ഗസറ്റ് വിജ്ഞാപന പ്രകാരം നിശ്ചിത സാങ്കേതിക യോഗ്യതയുള്ളവർ ഇല്ലാത്തതിനാൽ ലിസ്റ്റ് I–ൽ ആരെയും ഉൾപ്പെടുത്തിയിട്ടില്ല.

4) നിശ്ചിത സാങ്കേതിക യോഗ്യതയുള്ളവരുടെ അഭാവത്തിൽ, ഹയർ സെക്കന്ററി/ പ്രീഡിഗ്രി/വൊക്കേഷണൽ ഹയർ സെക്കന്ററിക്ക് ഒന്നും രണ്ടും വർഷ പരീക്ഷകളിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി/മാത്തമാറ്റിക്സ് തുടങ്ങിയ സയൻസ് വിഷയങ്ങൾക്ക് ആകെ 75 ശതമാനവും അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഈ ചുരുക്കപ്പട്ടികയുടെ ലിസ്റ്റ് II–ൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

5) ടി തസ്തികയ്ക്ക് അപേക്ഷ സമർപ്പിച്ചവരുടെ പേരുകളുടെ അക്ഷരമാല ക്രമത്തിലാണ് രജിസ്റ്റർ നമ്പറുകൾ അനുവദിച്ചിരിക്കുന്നത്.

6) ഈ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എസ്.സി/എസ്.ടി വിഭാഗക്കാർ സംവരണാനുകൂല്യം ലഭിക്കുന്നതിനായി തഹസീൽദാരിൽ നിന്നും 22.03.2005–നു ശേഷം ലഭിച്ച നിശ്ചിത മാതൃകയിലുള്ള ജാതി സർട്ടിഫിക്കറ്റ് അഭിമുഖത്തിന് ഹാജരാകുമ്പോൾ സമർപ്പിക്കേണ്ടതാണ്. മറ്റുപിന്നോക്ക സമുദായങ്ങളിൽപെട്ട ഉദ്യോഗാർത്ഥികൾ GO(P)No.81/09/SC ST DD dtd.26.09.2009 പ്രകാരം നിശ്ചിത മാതൃകയിലുള്ള നോൺ–ക്രീമിലെയർ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

7) അഭിമുഖത്തിനുള്ള തീയതി, സമയം, സ്ഥലം എന്നിവ അറിയിക്കുന്നതിനായി വ്യക്തിഗത മെമ്മോ അയക്കുന്നതാണ്.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

എം.ഷഹീദാബീഗം,
ജില്ലാ ഓഫീസർ,
കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, പാലക്കാട്.

വിതരണാനുമതി നൽകുന്നു,

സെക്ഷൻ ആഫീസർ